# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *699 — 14.07.2014-ൽ മറുപടിയ്ക്ക്

### വികസനബ്ലോക്കുകളുടെ പുന:ക്രമീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>" മോൻസ് ജോസഫ്<br>" തോമസ് ഉണ്ണിയാടൻ<br>" റ്റി. യു. കുരുവിള | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി |
| എ) വികസനബ്ലോക്കുകൾ പുന:ക്രമീകരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുവാനും അതുവഴി ഗ്രാമപ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുമായി ഗ്രാമ വികസന ബ്ലോക്കുകൾ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രമപ്പെടുത്തുന്ന വിഷയം വിശദമായി പഠിച്ച് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| ബി) അർഹതപ്പെട്ട സ്ഥലങ്ങളിൽ കൂടുതൽ ബ്ലോക്ക് ഓഫീസുകൾ അനുവദിക്കുന്നതിനും അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഊർജ്ജിതമായ പരിപാടികൾ നടപ്പിലാക്കുന്നതിനുമായി എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ